**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി - കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിൽ ഹെഡ് അക്കൗണ്ടന്റായിരിക്കെ മരണമടഞ്ഞ പി.പി.മൊയ്തീൻകുട്ടിയുടെ മകളും ആശ്രിതയുമായ ശ്രീമതി. ഷർമിന.സി.ക്ക് നിയമനം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (കൈ) നം.**8/2016/**തസ്വഭവ. തീയതി, തിരുവനന്തപുരം, **20/01/2016.**

പരാമർശം : 1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2) ശ്രീമതി ഷർമിന. സി .യുടെ 28/08/2014-ലെ അപേക്ഷ.
3) പഞ്ചായത്ത് ഡയറക്ടറുടെ 10/3/2015 ലെ ഇ 3-50330/2014 നമ്പർ കത്ത്.
4) കണ്ണൂർ ജില്ല കളക്ടറുടെ 2/9/2015 ലെ ഡി.ഡിസ്2015/34035/13/എ 2 നംപർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിൽ ഹെഡ് അക്കൗണ്ടന്റായിരിക്കെ മരണമടഞ്ഞ പി.പി. മൊയ്തീൻകുട്ടിയുടെ മകളും ആശ്രിതയുമായ ശ്രീമതി. ഷർമിന.സി.ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചു. പരേതനായ പി.പി.മൊയ്തീൻ കുട്ടിക്ക് 14 വർഷവും 11 മാസവും സേവനകാലമുണ്ട്.

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിൽ ഹെഡ് അക്കൗണ്ടന്റായിരിക്കെ **8/2/2013** ലാണ് പി.പി. മൊയ്തീൻകുട്ടി നിര്യാതനാവുന്നത്. അപേക്ഷകയായ ശ്രീമതി.ഷർമിന.സി.പരേതന്റെ മകളാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്.

അപേക്ഷകയുടെ ജനനതീയതി 30/07/1996 ആണ്. 19 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക പ്ലസ് ടു പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കണ്ണൂർ ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

അപേക്ഷയോടൊപ്പം പരേതനായ പി.പി.മൊയ്തീൻകുട്ടിയുടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ് , സത്യവാങ്മൂലം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 1,63,524/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കണ്ണൂർ ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിൽ ഹെഡ് അക്കൗണ്ടന്റായിരിക്കെ മരണമടഞ്ഞ പി.പി.മൊയ്തീൻകുട്ടിയുടെ മകളും ആശ്രിതയുമായ ശ്രീമതി. ഷർമിന.സി.യുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവ ഒറിജിനൽ സാക്ഷ്യപത്രങ്ങൾ മുഖാന്തിരം പരിശോധിച്ച് പരാമർശം 1 സർക്കാർ ഉത്തരവിലെ

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

പരാമർശത്തിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ മരണമടഞ്ഞ മൊയ്തീൻ കുട്ടിയുടെ സേവന സാക്ഷ്യപത്രത്തിലും എസ്റ്റാബ്ളിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാൾക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രത്നമ്മ.വി**
**ഗവ.ജോയിന്റ് സെക്രട്ടറി**

ശ്രീമതി. ഷർമിന.സി., ചന്ദ്രോത്ത് ഹൗസ്, മുല്ലക്കൊടി .പി.ഒ,മുല്ലക്കൊടി, കണ്ണൂർ.
(രജിസ്റ്റേർഡ് തപാലിൽ)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
ജില്ലാ കളക്ടർ, കണ്ണൂർ
സെക്രട്ടറി, മയ്യിൽ ഗ്രാമപഞ്ചായത്ത് , കണ്ണൂർ.
ഡയറക്ടർ, ഐ. കെ. എം.(വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ